## ഇക്വലൻസി സർട്ടിഫിക്കറ്റിനായി അപേക്ഷിക്കുന്നവർ പാലിക്കേണ്ട മാർഗരേഖകൾ

1. **വിദേശ രാജ്യങ്ങളും/കേരളം ഉൾപ്പെടെ മറ്റു സംസ്ഥാനങ്ങളിലെ പ്രൈവറ്റ് സ്ഥാപനങ്ങളിൽ നിന്നും പഠനം പൂർത്തിയാക്കി എത്തുന്നവർ**
   - a. അപേക്ഷ (എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് നേരിട്ട്) (പ്രത്യേക അപേക്ഷാഫാറമില്ല)
   - b. കോഴ്സ് സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
   - c. പഠനം പൂർത്തിയാക്കിയ സ്ഥാപനത്തിന്റെ Recognition Letter (സ്ഥാപനം സ്ഥിതിചെയ്യുന്ന രാജ്യത്തെ/സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ചത്)
   - d. പഠനം പൂർത്തിയാക്കിയ കോഴ്സിന്റെ വിശദമായ സിലബസ് (സ്ഥാപന മേധാവിയുടെ സാക്ഷ്യപ്പെടുത്തിയതോ/അച്ചടിച്ച് പ്രസിദ്ധീകരിച്ചതോ.)

     സർക്കാർ നിഷ്കർഷിച്ച ഫീസ് (500 രൂപയുടെ ഡി.ഡി) (എസ്.സി.ഇ.ആർ.ടി കേരള ഡയറക്ടറുടെ പേരിൽ എസ്.ബി.എ പൂജപ്പുര ബ്രാഞ്ചിൽ മാറേണ്ടത് (IFSC Code).

2. **മറ്റു സംസ്ഥാനങ്ങളിലെ സർക്കാർ/വിദ്യാഭ്യാസ വകുപ്പ്/വിദ്യാഭ്യാസ ബോർഡ് എന്നിവിടങ്ങളിൽ നിന്നും കോഴ്സ് പൂർത്തിയാക്കിയവർ**
   - a. അപേക്ഷ (എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് നേരിട്ട്)
   - b. കോഴ്സ് സർട്ടിഫിക്കറ്റ്, മാർക്ക് ലിസ്റ്റ് എന്നിവയുടെ പകർപ്പ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
   - c. സർക്കാർ നിഷ്കരിച്ച ഫീസ് 500 രൂപയുടെ ഡി.ഡി (എസ്.സി.ഇ.ആർ.ടി കേരള ഡയറക്ടറുടെ പേരിൽ എസ്.ബി.ഐ പൂജപ്പുര ബ്രാഞ്ചിൽ മാറേണ്ടത് (IFSC Code).

3. **എൻ.ഐ.ഒ.എസ് സെക്കന്ററി/സീനിയർ സെക്കന്ററി കോഴ്സ് പാസായവർ പാലിക്കേണ്ടത്.**
   - a. കേരള സർക്കാർ പൊതുവിദ്യഭ്യാസ വകുപ്പ് 24.10.2019 ന് പുറത്തിറക്കിയ ഉത്തരവ് (സ.ഉ.(സാധാ) നം. 4411/2019/പൊ.വി.വ) പ്രകാരമുള്ള മാനദണ്ഡം പാലിച്ചവർ മാത്രം അപേക്ഷിക്കുക. ഉത്തരവ് വെബ്സൈറ്റിൽ അപ്ലോഡ് ചെയ്തിട്ടുണ്ട്.
   - b. അപേക്ഷ (എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് നേരിട്ട്)
   - c. ജനന സർട്ടിഫിക്കറ്റിന്റെ പകർപ്പ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്)
   - d. സർട്ടിഫിക്കറ്റിന്റെയും മാർക്ക് ലിസ്റ്റിന്റെയും (ഇരുപുറവും) പകർപ്പ് (ഗസറ്റഡ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്).
   - e. സർക്കാർ നിഷ്കരിച്ച ഫീസ് (500 രൂപയുടെ ഡി.ഡി) എസ്.സി.ഇ.ആർ.ടി. കേരള ഡയറക്ടറുടെ പേരിൽ എസ്.ബി.ഐ പൂജപ്പുര ബ്രാഞ്ചിൽ മാറേണ്ടത് (IFSC Code).

HSSLiVE.IN®

**01 - 12 - 2022 മുതൽ നിലവിൽ പരമർശിച്ചിട്ടുള്ള (പരാമർശങ്ങൾ 1,2,3 ഉൾപ്പടെ എല്ലാവരും ) മാനദണ്ഡങ്ങളോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്**

1. 50 /- രൂപ വിലവരുന്ന മുദ്രപ്പത്രത്തിൽ സത്യവാങ്മൂലം നല്കണം.
2. ക്യു .ആർ കോഡ് സ്കാൻ ചെയ്യാൻ കഴിയുന്നതോ വ്യക്തതയുള്ളതോ ആയ സർട്ടിഫികട്ടുകളുടെ പകർപ്പ് സമർപ്പിക്കണം.

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012
ഫോൺ: 0471 - 2341883, 2340323, ഫാക്സ് : 0471-2341869
ഇ-മെയിൽ : scertkerala@gmail.com, web: www.scert.kerala.gov.in

'ഭരണഭാഷ മാതൃഭാഷ'

## എസ്. സി. ഇ. ആർ. ടി ഡയറക്ടറുടെ നടപടി ക്രമം

**(ഹാജർ: ഡോ. ജയപ്രകാശ്. ആർ. കെ)**

വിഷയം:- പൊ.വി.വ- മറ്റ് രാജ്യങ്ങളിൽ നിന്നും സെക്കന്ററി/ ഹയർസെക്കന്ററി പരീക്ഷകൾ പാസായി വരുന്ന കുട്ടികൾക്ക് തുല്യതാ സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുന്നതിന് അപേക്ഷകരിൽ നിന്നും സത്യവാങ്മൂലം വാങ്ങുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1) ജി.ഒ (ആർ.റ്റി) നം. 2038/2018/പൊവിവ തീയതി 2.6.2018
2) ഡയറക്ടറുടെ നോട്ട് ഓർഡർ 20.10.2022

---

**പ്രോഗ്രാം സെക്ഷൻ**

**ഉത്തരവ് നമ്പർ/പ്രോഗ്രാം 1/1821/2021/എസ്.സി.ഇ.ആർ.ടി തീയതി : 21.10.2022**

---

**ഉത്തരവ്**

മറ്റ് സംസ്ഥാനങ്ങളിലോ രാജ്യങ്ങളിലോ പഠിച്ച് സർട്ടിഫിക്കറ്റുമായി എത്തുന്നവർക്ക് തുല്യതാ സർട്ടിഫിക്കറ്റ് നൽകുന്നതിനായി സൂചന (1) പ്രകാരം എസ്.സി.ഇ.ആർ.ടി ഡയറക്ടർ അദ്ധ്യക്ഷനായി ഇക്വലൻസി കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

HSSLiVE.IN®

എൻ.ഐ.ഒ.എസുമായി ബന്ധപ്പെട്ട് വിവിധ സർട്ടിഫിക്കറ്റുകളിൽ കൃത്രിമത്വം ഉണ്ടായതായി നേരിട്ട് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിന്റെ നിജസ്ഥിതിയിൽ വ്യക്തത വരുത്തുന്നതിലേക്കായി അപേക്ഷകരിൽ നിന്നും സത്യവാങ്മൂലം എഴുതി വാങ്ങുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകുന്നു. കൂടാതെ ഇതോടൊപ്പം ചേർത്തിരിക്കുന്ന സത്യവാങ്മൂലത്തിന്റെ നിശ്ചിത മാതൃക (ഇംഗ്ലീഷ്, മലയാളം) അംഗീകരിച്ചും ഉത്തരവാകുന്നു. പ്രസ്തുത നടപടി ഉത്തരവ് 01.12.2022 മുതൽ നടപ്പിലാക്കേണ്ടതാണ്. നിലവിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങളോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി അപേക്ഷയോടൊപ്പ സമർപ്പിക്കേണ്ടതാണ്.

1. 50/-രൂപ വിലവരുന്ന മുദ്രപത്രത്തിൽ സത്യവാങ്മൂലം നൽകണം.
2. ക്യൂ.ആർ കോഡ് സ്കാൻ ചെയ്യാൻ കഴിയുന്നതോ വ്യക്തതയുള്ളതോ ആയ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അറ്റാച്ച് ചെയ്യണം.

ഒപ്പ്/
**ഡോ. ജയപ്രകാശ്. ആർ. കെ**
**ഡയറക്ടർ**

**//അംഗീകാരത്തോടെ//**

**സൂപ്രണ്ട്**

പകർപ്പ്

*സീനിയർ എ.എ, എഫ്.ഒ, എ.ഒ, പി.എ റ്റു ഡയറക്ടർ, എഫ് 3, എഫ് 1, ഓഫീസ് കോപ്പി, സ്റ്റോക്ക് ഫയൽ*

(P: 21.10.22)